## (vii) നഗര സംവിധാനം

മുസ്‌ലിം നഗരങ്ങളുടെയും തലസ്ഥാനങ്ങളുടെയും സംവിധാനം ഇസ്‌ലാമിക കലയുടെ ഭാഗമാണ്. നഗര സംവിധാനം സ്വയം ഒരു കല എന്നതിനു പുറമേ സാമൂഹിക ജീവിതത്തിൽ കലയ്ക്കുള്ള പ്രാധാന്യം വ്യക്തമാക്കുക കൂടി ചെയ്യുന്നു. ലബ്നാനിലെ അൻജാറിൽ ഉമവികളും ബഗ്ദാദിൽ അബ്ബാസികളും സ്ഥാപിച്ച നഗരങ്ങളാണ് ഇസ്‌ലാമിക നഗരസംവിധാനത്തിലെ പ്രധാനപ്പെട്ട രണ്ട് ആദ്യകാല മാതൃകകൾ. അൻജാർ തെക്കും വടക്കും കിഴക്കും പടിഞ്ഞാറും ഓരോ കവാടങ്ങളുള്ള ചതുര നഗരമായിരുന്നു. കോട്ടകൊണ്ട് നഗരം ഭദ്രമാക്കുകയും ചെയ്തു. നാലു ഭാഗത്തേക്കും വിശാലമായ രാജപാതകളും മധ്യഭാഗത്ത് പള്ളിയും പള്ളിക്കു സമീപം ഭരണ കാര്യാലയ(ദാറുൽ ഇമാറഃ)വുമാണ്. മാർക്കറ്റിന്റെ ഇരുവശത്തുമായി വ്യാപാര സ്ഥാപനങ്ങൾ.

പഴയ ബഗ്ദാദ് വൃത്താകൃതിയിലുള്ള നഗരമായിരുന്നു. നാമാവശേഷമായെങ്കിലും നഗരത്തെ സംബന്ധിച്ച വിവരണങ്ങളിൽനിന്നു പൂർണമായ ചിത്രം ലഭിക്കുന്നു. ഇരട്ട ഭിത്തികൊണ്ട് നഗരം ഭദ്രമാക്കിയിരുന്നു. ജനങ്ങൾക്ക് താമസിക്കാനുള്ള വീടുകൾ നഗരത്തിനു ചുറ്റുമായി റിംഗിന്റെ ആകൃതിയിൽ നിർമിച്ചു. വൃത്തത്തിന്റെ മധ്യത്തിൽ പള്ളിയും രാജധാനിയും. നാലുഭാഗത്തുനിന്നും വന്നുചേരാവുന്ന നാലു പാതകളും കവാടങ്ങളും ഉണ്ടായിരുന്നു ഈ കെട്ടിട സമുച്ചയത്തിന്.

അൻജാർ, ബഗ്ദാദ് നഗര സംവിധാനങ്ങൾ പില്ക്കാലത്ത് കൂടുതൽ മികച്ചതിനു വഴിമാറിക്കൊടുക്കുകയുണ്ടായി. സമീപ പൗരസ്ത്യ മേഖലയിലെ പില്ക്കാല നഗരങ്ങളിലെല്ലാം ഈ മാറ്റം പ്രകടമാണ്. ജനപ്പെരുപ്പവും വംശീയ പ്രശ്നങ്ങളും പുതിയ മാറ്റങ്ങൾ ആവശ്യമാക്കി. ചില ഭരണാധികാരികൾ പൊതുജനങ്ങളെ നഗരഭിത്തിക്കു പുറത്ത് താമസിപ്പിച്ചു. പൊതുജനങ്ങളുടെ സ്വൈര ജീവിതത്തിന് 'ഭരണം' തടസ്സമാവാതിരിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. സ്പെയ്നിൽ ഉമവികൾ കൊർദോവക്കു പുറത്താണ് തങ്ങളുടെ രാജധാനി (മദീനതുസ്സഹ്റാഅ്) പണിതത്. 13-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ മൊറോക്കോ ഭരിച്ച മരീനികളുടെ ആസ്ഥാനമായ ഫാസ്അൽജദീദ് ജനവാസ കേന്ദ്രത്തിൽ നിന്നകലെയായിരുന്നു. മുഗൾ ഇന്ത്യയിൽ ചക്രവർത്തി അക്ബർ ആഗ്രയിൽനിന്നകലെയായി ഫത്ഹ്പൂർ സിക്രി പണിതത് മറ്റൊരുദാഹരണം. സ്വയം പരിപൂർണവും സ്വയം പര്യാപ്തവുമാവുമായിരുന്നു ഈ രാജകീയ നഗരങ്ങളത്രയും.

ചില പുരാതന നഗരങ്ങൾ ഇസ്‌ലാമിനു കീഴടങ്ങിയതോടെ ഇസ്‌ലാമികവത്കരിക്കപ്പെട്ടു. കോൺസ്റ്റാന്റിനോപ്പിൾ ഇതിനുദാഹരണമാണ്. ഇസ്‌ലാംവൽക്കരിക്കപ്പെട്ടതോടെ -ഇസ്തംബൂൾ- നഗരത്തിന് പുതിയ മുഖഛായ കൈവന്നു. പള്ളിയും മതകേന്ദ്രങ്ങളും വിശാലമായ വ്യാപാര സ്ഥലങ്ങളും നിലവിൽവന്നു. മനോഹരങ്ങളായ സൗധങ്ങൾ പണിതു. ഇസ്‌ലാമിക നാഗരികതയുടെ പൊതു സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ടാണ് ഈ നഗരങ്ങളും വളർന്നത്. പ്രത്യേകമായ ആസൂത്രണമൊന്നുമില്ലാതെ സ്വയം വളർന്നുവന്ന നഗരങ്ങളും ഇസ്‌ലാമിക നാഗരികതയുടെ പൊതുവായ ഒരു താളദീക്ഷ നിലനിർത്തിയതായി കാണാം. പ്രവാചക ചര്യയുടെ പ്രയോഗവൽക്കരണമായിട്ടാണ് അവ വളർന്നത്. മനുഷ്യരുടെ ഏറ്റവും സാധാരണമായ ജീവിതത്തിന് അവ വേദിയായി. സ്നേഹോഷ്മളമായ അയൽപക്ക ബന്ധങ്ങളും സാഹോദര്യവും ദൈവഭയവും ഈ നഗരങ്ങളുടെ ആത്മ ചൈതന്യമായിരുന്നു. ഈ നഗരങ്ങളുടെ പുറംപോലെ അകവും സുന്ദരമായിരുന്നു എന്നർഥം. അകത്തെ സൗന്ദര്യത്തെ പ്രതിഫലിപ്പിക്കുന്നവയായിരുന്നു ബാഹ്യ സൗന്ദര്യങ്ങൾ. മുസ്‌ലിം നഗരസംവിധാനം യാഥാർഥ്യാധിഷ്ഠിതം (**Realist**) എന്നതിനോടൊപ്പം ആത്മീയം (**Spritual**) കൂടിയായിരുന്നു എന്നതാണ് നേര്. മനുഷ്യരുടെ ഭൗതികാവശ്യങ്ങൾ മാത്രമല്ല, ആത്മീയാവശ്യങ്ങൾ കൂടി നിറവേറ്റാൻ പര്യാപ്തമായിരുന്നു ഇസ്‌ലാമിക നഗരങ്ങൾ.